**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 634** **06-12-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വികസനപദ്ധതികൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഐ. റ്റി. അനുബന്ധ മേഖലയിൽ വലിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തേക്ക് വൻകിട കമ്പനികളെ ആകർഷിച്ച് ഐ.റ്റി വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഐ.റ്റി പാർക്കുകളിലുള്ള കോവർക്കിംഗ് സ്പെയ്സ് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് റിമോർട്ട് വർക്കിംഗ് ഫോഴ്സ് വഴി കേരളത്തിൽ പ്രവർത്തനം ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ ഐ.റ്റി പാർക്കുകളിലേക്ക് ഐ.റ്റി/ഐ.റ്റി.ഇ.എസ് മേഖലകളിലെ 20 വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി ക്ഷണിച്ചിട്ടുണ്ട്. കൂടാതെ, ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന ബി.പി.ഒ ഉൾപ്പെടെയുള്ള 64 പ്രമുഖ കമ്പനികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ വിവരസാങ്കേതികവിദ്യാവകുപ്പിന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. 2022-23 ബജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 5G ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി NH-66-നു സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 20-തോളം ചെറുകിട ഐ.റ്റി പാർക്കുകൾ ഉൾപ്പെടുന്ന ഐ.റ്റി ഇടനാഴികൾ സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലൂടെ 2 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനു പുറമേ കേരളത്തിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ധനസഹായത്തോടെ ഐ.റ്റി കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി 'ഇഗ്നൈറ്റ്' എന്ന പേരിൽ ദ്രുതഗതിയിൽ നടന്നുവരുന്നു. തൊഴിൽ അന്വേഷകരെയും തൊഴിൽ ദാതാക്കളെയും കൂട്ടി യോജിപ്പിക്കുന്ന ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് |

| | | | |
|---|---|---|---|
| | | | സിസ്റ്റം ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെയും K-DISC-ന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഐ.റ്റി. അനുബന്ധ മേഖല ഉൾപ്പെടെയുള്ള സൂക്ഷ്മ - ചെറുകിട -ഇടത്തരം മേഖലയിലെ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി താഴെപ്പറയുന്ന പ്രധാന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.<br><br>1. സംരംഭക സഹായ പദ്ധതി (ESS)<br>2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി<br>3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി<br>4. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)<br>5. നിലവിലുള്ള എം എസ് എം ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം<br>6. നിലവിലുള്ള എം എസ് എം ഇ-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.<br>7. ഒരു കുടുംബം ഒരു സംരംഭം പദ്ധതി<br>8. സ്റ്റാർട്ടപ്പുകൾക്ക് മാനുഫാക്ചറിംഗ് പ്രവർത്തനങ്ങൾക്കായുള്ള സഹായം<br><br>ഐ.റ്റി/ഐ.റ്റി അധിഷ്ഠിത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കഴക്കൂട്ടത്തെ കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിലെ ഐ.റ്റി/ഐ.റ്റി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖലയിൽ 2.17 ലക്ഷം ചതുരശ്രഅടി വിസ്തീർണമുള്ള ഒരു ഫാക്ടറി കെട്ടിടസമുച്ചയം പൂർത്തീകരിച്ച് TATA Elxsi എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ഇതുവഴി 100 കോടി രൂപയുടെ നിക്ഷേപവും 2500 പേർക്ക് നേരിട്ടും 1500 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും |
| (ബി) | കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയ ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വ്യവസായ വാണിജ്യ വകുപ്പ് വഴി ഉൽപ്പാദന മേഖലയ്ക്കായി നടപ്പിലാക്കി വരുന്ന എല്ലാ സാമ്പത്തിക സഹായ പദ്ധതികളിലും കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയ ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭകർക്ക് സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് വഴി എല്ലാ വർഷവും ജില്ലകളിൽ നടപ്പിലാക്കി വരുന്ന ടെക്നോളജി മാനേജ്മെന്റ് |

| | | | |
|---|---|---|---|
| | | | ഡെവലപ്പ്മെന്റ് പ്രോഗ്രാം, ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങിയ സംരംഭക ശേഷി വികസന പരിപാടികളിൽ ഇലക്ട്രോണിക് മേഖല ഉൾപ്പെടെയുള്ള നവീന സാധ്യതകൾ ഉള്ള മേഖലകളിൽ നൈപുണ്യ വികസനം, പരിശീലനം എന്നിവ നൽകി വരുന്നുണ്ട്. കൂടാതെ ടി മേഖലയിലെ സാധ്യതകൾ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന വിവിധ ബോധവൽക്കരണ പരിപാടികളിലും ഫീൽഡ് തല ഉദ്യോഗസ്ഥർ വഴി സംരംഭകരിലേക്കെത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.<br><br>കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയ ഇലക്ട്രോണിക് ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി ഹാർഡ്വെയർ നിർമ്മാണ യൂണിറ്റുകളും, അസംബ്ലിംഗ് യൂണിറ്റുകളും, ഗവേഷണ വികസന കേന്ദ്രങ്ങളും അടങ്ങിയ ഒരു ഇലക്ട്രോണിക് ഹാർഡ്വെയർ പാർക്ക്, ഇലക്ട്രോണിക് മാനുഫാക്ചറിങ് ക്ലസ്റ്റർ എന്നിവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത മേഖലയിൽ നിക്ഷേപ പ്രോത്സാഹനത്തിനും നവീകരണത്തിനും നിലവിലുള്ള ഉല്പ്പാദനശേഷി വികാസത്തിനും ആഗോള കമ്പനികളുമായി ചേർന്ന് കെൽട്രോൺ സംയുക്ത സംരംഭങ്ങൾ ഒരുക്കുന്നതാണ്. കൺസ്യൂമർ ഇലക്ട്രോണിക്സ്, ഓട്ടോമോട്ടീവ് ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ ഹാർഡ്വെയർ, സ്ട്രാറ്റെജിക് ഇലക്ട്രോണിക്സ് തുടങ്ങിയ വിവിധ ഇലക്ട്രോണിക് ഉപമേഖലകളിൽ നൈപുണ്യ വികസനത്തിനായി വ്യവസായ-അക്കാദമിക ബന്ധങ്ങൾ ദൃഢപ്പെടുത്തും. 24.11.2022-ൽ ഈ മേഖലയിലെ പ്രധാനപ്പെട്ട കമ്പനികളുമായി കൂടിക്കാഴ്ച നടത്തുകയും അവരുടെ നിർദേശങ്ങളും കൂടി ഉൾകൊള്ളിച്ചുകൊണ്ട് ഈ മേഖലയ്ക്ക് വേണ്ട ഇടപെടലുകൾ നടത്തി കൂടുതൽ വ്യവസായങ്ങളെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാനും തദ്വാരാ നിക്ഷേപം കൊണ്ടുവരുവാനുമുള്ള കർമ്മ പദ്ധതിയുമാണ് സർക്കാർ രൂപീകരിച്ച് വരുന്നത്<br><br>ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയത്തിന്റെ കീഴിൽ കാക്കനാട് ഒരു ഇലക്ട്രോണിക്സ് ക്ലസ്റ്റർ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | കാർ ഫാക്ടറികൾ ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കാൻ കഴിയുന്ന പരമാവധി വ്യവസായങ്ങൾ കേരളത്തിലേക്ക് | (സി) | വൻകിട വ്യവസായങ്ങൾ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. |

| | | | |
|---|---|---|---|
| | ആകർഷിക്കുന്നതിന് ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | വഴി മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.<br><br>മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിൽ കെ.എസ്.ഐ.ഡി.സി, കിൻഫ്ര എന്നീ സർക്കാർ ഏജൻസികളുടെ കീഴിൽ ഏകദേശം 7000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ആകെ 20 കമ്പനികളാണ് സംസ്ഥാനതല നിക്ഷേപം നടത്തുന്നതിൽ താത്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ